# താമരമൊട്ടുകൾ

വാല്യം 22 | ഏപ്രിൽ 2020 | ലക്കം 4 | Price ₹ 25



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-03-2020 |


Blessed



ഓശാന..... ഓശാന.....

ദാവീദിൻ സുതനേ ഓശാന


Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## April 2020

| | | |
|---|---|---|
| 15 | 07.00 | Pulloorampara |
| | 15.00 | Vettilappara |
| 16 | 10.00 | Kulathuvayal |
| 17 | 09.00 | P.T. Chacko Nagar |
| | 18.30 | Malaparamba |
| 18 | 08.00 | Chakkittapara |
| | 11.00 | Peruvannamoozhi |
| 19 | 07.00 | Kuppayakode |
| | 11.00 | Chembanoda |
| | 15.00 | Amalapuri |
| | 18.00 | Maramchatty |
| 20 | 06.30 | Devagiri |
| | 10.30 | Paroppady |
| 21 | 07.00 | Devagiri |
| | 10.00 | Thiruvambady |
| 22 | 10.00 | Chevayur |
| | 16.00 | Koodathai |
| 23 | 07.00 | Thamarassery |
| | 15.00 | Thalassery |
| 24 | 06.30 | Koodaranji |
| | 11.00 | Kulathuvayal |
| 25 | | Aluva |
| 26 | | NIT Campus |
| | Kattangal - Pastoral Visit | |
| | 17.00 | East Hill |
| 27 | | Kottayam |
| 28 | 08.00 | Thamarassery |
| | 12.00 | Thiruvambady |
| 29 | | Office Day |
| 30 | | Office Day |

വാല്യം 22 താമരമൊട്ടുകൾ ഏപ്രിൽ 2020 ലക്കം 04

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്പ. 16:31)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 231 |
| 2. | പ്രോഗ്രാം ഏപ്രിൽ 2020 | 233 |
| 3. | കച്ചേരിക്കാര്യം | 234 |
| 4. | ആദരാഞ്ജലികൾ | 237 |
| 9. | മതബോധനം | 240 |
| 12. | കെ.സി.വൈ.എം | 241 |
| 13. | ഫാമിലി അപ്പോസ്തലേറ്റ് | 246 |
| 12. | കുടുംബകൂട്ടായ്മ | 248 |
| 15. | വിൻസെന്റ് ഡി പോൾസംഘടന | 249 |
| 19. | അൽഫോൻസാ കോളേജ് തിരുവമ്പാടി | 251 |
| 20. | ആൽഫ മരിയ അക്കാദമി | 253 |
| 12. | ക്രിസ്റ്റീൻ മൂവ്മെന്റ് | 255 |
| 21. | ബഥാനിയ വാർത്തകൾ | 256 |
| 27. | കരിസ്മാറ്റിക് മൂവ്മെന്റ് | 257 |
| 30. | വികസനവേദി | 259 |
| 36. | അജപാലനക്കുറിപ്പുകൾ | 261 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Palliyodil Joseph Christie | April | 4 |
| Chelackal George | | 7 |
| Muttathukunnel Wilson | | 12 |
| Puthusseriputhenpura George | | 15 |
| Kanivelil Augustine CMI | | 15 |
| Francis Kochumundammalayil | | 16 |
| Vellamackal Francis | | 17 |
| Puthiyaparambil Thomas | | 18 |
| Alapattukotayil Joseph | | 19 |
| Thittayil Mathew | | 19 |
| Kalathoor George | | 23 |
| Mulangassery Mathew | | 24 |
| Parankulangara Thomas | | 25 |
| Chakkittamuriyil Thomas (Sr) | | 28 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Asariparambil George | April | 24 |
| Chelackal George | | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karukamalil George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Paimpillil George | | 24 |
| Puthusseriputhenpura George | | 24 |
| Thekkekaramattathil George | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഏപ്രിൽ 2020

| | | |
|---|---|---|
| 05 | ഞായർ | **ഓശാന ഞായർ** |
| 09 | വ്യാഴം | **പെസഹാ വ്യാഴം** |
| 10 | വെള്ളി | **ദുഃഖവെള്ളി** |
| 11 | ശനി | വലിയ ശനി |
| 12 | ഞായർ | **ഈസ്റ്റർ** |
| 19 | ഞായർ | **പുതുഞായർ** |
| 20 | തിങ്കൾ | ചരമദിനം: മോൺ. ഫ്രാൻസിസ് ആറുപറയിൽ (2012) |
| 24 | വെള്ളി | **വി. ഗീവർഗ്ഗീസ്** |

# കച്ചേരിക്കാര്യം

**1. വൈദികരുടെ നിയമനം**

ഫാ. ജോസഫ് മാളിയേക്കൽ : പാസ്റ്ററൽ മിനിസ്ട്രി, സ്ട്രേലിയ

**2. മെത്രാഭിഷേകദിനം**

നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം എപ്രിൽ 8-ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 10 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുന്നതോടൊപ്പം പിതാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**3. യേശുനിധി 2020**

യേശുനിധിയുടെ സമാഹരണം പിന്നീട് നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**4. ദുഃഖവെള്ളി പിരിവ്**

വിശുദ്ധ നാടുകളുടെ സംരക്ഷണാർത്ഥം സെപ്റ്റംബർ 14 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുന്നതാണ്.

**5. രൂപതാദിനം 2020**

കഴിഞ്ഞലക്കം താമരമൊട്ടുകളിൽ അറിയിച്ചതുപോലെ ഈ വർഷത്തെ രൂപതാദിനം മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മെയ് 23 ശനിയാഴ്ച പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് നടക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**6. വൈദികരുടെ സ്ഥലമാറ്റം**

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം നിശ്ചയിച്ചിരുന്നത് 2020 മെയ് 2 ശനിയാഴ്ചയായിരുന്നു. സ്ഥലം മാറ്റത്തെക്കുറിച്ചുള്ള വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

**7. സ്റ്റാറ്റിസ്റ്റിക്കൽ ഫോം**

നമ്മുടെ ഇടവകകളിലെ കുടുംബങ്ങളെയും സ്ഥാപനങ്ങളെയും സംബന്ധിച്ചുള്ള വാർഷിക സ്റ്റാറ്റിസ്റ്റിക്കൽ ഫോം ഇനിയും പൂരിപ്പിച്ചു നൽകാനുള്ളവർ അവ എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**8. പാസ്റ്ററൽ കൗൺസിൽ**

പത്താമത് രൂപത പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സമ്മേളനം 2020 മെയ് 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി രൂപതാഭവ

നിൽ വച്ച് ചേരുന്നതാണ്. അംഗങ്ങളെല്ലാവരും യോഗത്തിൽ പങ്കെടുക്കേണ്ട താണെന്ന് അറിയിക്കുന്നു.

**9. തിരുശേഷിപ്പ് പ്രയാണം**

രൂപതയിൽ ആചരിക്കുന്ന കുടുംബവർഷത്തോടനുബന്ധിച്ച് നടത്തുന്ന തിരുശേഷിപ്പ് പ്രയാണം തത്ക്കാലം നിർത്തിവെച്ചിരിക്കുക യാണ്. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തിരുശേഷിപ്പ് കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ആയിരിക്കും വണക്കത്തിനായി വെച്ചിരിക്കുന്നത്.

**10. സ്മരണാഞ്ജലി**

02-04-1990 - റവ. ഫാ. സേവ്യർ കണിയാന്തറ
**04-04-2006 - മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി**
10-04-1977 - റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ
20-04-1972 - റവ. ഫാ. മാത്യു പാലമറ്റം
**20-04-2012 - മോൺ. ഫ്രാൻസീസ് ആറുപറയിൽ**
29-04-1997 - റവ. ഫാ. ജോർജ് സ്രാമ്പിക്കൽ
29-04-1968 - റവ. ഫാ. ജോർജ് പുനക്കാട്ട്
29-04-1999 - റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ

**പ്രോട്ടോസിഞ്ചെല്ലൂസ്**



# ആദരാഞ്ജലികൾ



മലബാറിലെ കുടിയേറ്റ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ട അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒരാളാണ് നമ്മളിൽ നിന്നും ദൈവസന്നിധി യിലേക്ക് വിളിക്കപ്പെട്ട ജോൺ പനയ്ക്കപ്പിള്ളി അച്ചൻ. പിന്തിരിഞ്ഞ് നോക്കുമ്പോൾ അസാധ്യമെന്നു തോന്നുന്ന പല നല്ല കാര്യങ്ങളും കുടിയേറ്റത്തിന്റെ ശൈശവഘട്ടത്തിൽ ഇടവകാജനത്തോ ടൊപ്പം ചെയ്യുവാൻ സാധിച്ചു എന്നതാണ് അച്ചന്റെ വിജയം. സർവ്വശക്തനായ ദൈവ ത്തിന്റെ കൈകളിൽ സമർപ്പിച്ച് ഇടവകാ ജനത്തോടൊപ്പം അച്ചൻ പ്രവർത്തിച്ച എല്ലാ കാര്യങ്ങളും വിജയമായിരുന്നു.

പാലാ രാമപുരത്ത് 1939 മെയ് 3 ന് പനയ്ക്കപ്പിള്ളി പരേതരായ വർക്കി - ഏലിയാമ്മ ദമ്പതികളുടെ നാലാമത്തെ മകനായാണ് ജനനം. രാമപുരം സേക്രട്ട് ഹാർട്ട് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാ സവും സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി ആലുവ പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽ നിന്ന് വൈദിക പഠനം. 1965 മാർച്ച് 17 ന് തലശ്ശേരി രൂപത മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

തലശ്ശേരി രൂപതയുടെ പത്താം വർഷത്തിലാണ് അദ്ദേഹം അജപാലശുശ്രൂഷയ്ക്കായി എത്തുന്നത്. മലബാർ കുടിയേറ്റ മേഖലയിലെ ആദ്യ പള്ളിയായ പേരാവൂർ ഫൊറോന പള്ളിയിലെ സഹവികാരി ആയിട്ടായിരുന്നു നിയമനം. മലബാർ കുടിയേറ്റം, അതിന്റെ പ്രയാസങ്ങൾ, കുടിയേറ്റക്കാരുടെ ആവശ്യങ്ങൾ, ഒരു വൈദികന് നേതൃത്വം നല്കുവാൻ സാധിക്കുന്ന കാര്യങ്ങൾ, സർവ്വോപരി കുടിയേറ്റ കർഷകരുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ എന്നിവയെല്ലാം മനസ്സിലാക്കുവാനും പഠിക്കുവാനും അച്ചന് സാധിച്ചു. ഇടവക വികാരിയായി അച്ചന് ആദ്യം സ്ഥലം മാറ്റം കിട്ടിയത് ധാരാളം കുടിയേറ്റക്കാർ ഉണ്ടായിരുന്ന വായാട്ടുപറമ്പിലേക്കായിരുന്നു.

ജോണച്ചൻ കുടിയേറ്റക്കാരെ ഒരുമിച്ചുകൂട്ടി അവരുടെ ആവശ്യങ്ങൾ അറിയുവാനും അതനുസരിച്ച് പ്രവർത്തിക്കാനും ഉത്സുകനായി. നല്ല ഗായകനായ അദ്ദേഹം ഒരു ഗാനമേള ഗ്രൂപ്പു ണ്ടാക്കി. ദൈവാലയത്തിലെ വിശുദ്ധ ബലികൾ സംഗീതാത്മ കമാക്കി. നല്ല കർഷകരായിരുന്ന ഇടവകാംഗങ്ങളോടൊത്ത് നല്ല തെങ്ങിൻതൈകൾ നട്ട് പള്ളിപ്പറമ്പ് ആദായ ഭൂമിയാക്കി. കർഷകർക്ക് നല്ല വിത്തുകളും തൈകളും കണ്ടെത്തുവാനും അദ്ദേഹം മുമ്പിലുണ്ടായിരുന്നു. സമയത്താണ് വായാട്ടുപറമ്പ് പള്ളിയോട് ചേർന്ന് ഒരു സ്കൂളില്ലാത്തതിന്റെ കുറവ് മനസ്സിലാക്കുന്നത്. കുടിയേറ്റ കാലഘട്ടത്തിൽ മദ്രാസ് ഗവൺമെന്റിൽ സ്വാധീനം ചെലുത്തി കുടിയേറ്റ കർഷകരായ മാത്യു പുറങ്ങാടനും പള്ളിത്തറ ഫാമിലിയും ഒരു സ്കൂൾ ഉടുമ്പൻചിറ്റ എന്ന സ്ഥലത്ത് സ്ഥാപിച്ച് പ്രവർത്തി ക്കുന്നുണ്ടായിരുന്നു. അവർ അത് പള്ളിക്ക് നല്കാൻ തയ്യാറായിരുന്നു. എന്നാൽ വായാട്ടുപറമ്പിൽ നിന്നും രണ്ടു കിലോമീറ്റർ അകലെ ഒരു കുഴിയിലായിരുന്ന സ്കൂൾ ജോണച്ചൻ എല്ലാ എതിർപ്പുകളെയും മറികടന്ന് വായാട്ടുപറമ്പിൽ എത്തിച്ചു. അത് അംഗീകാരം ലഭിക്കുന്നതിനായി അച്ചൻ അനുഭവിച്ച ത്യാഗങ്ങൾ, കഷ്ടതകൾ വായാട്ടുപറമ്പുകാർ ഒരിക്കലും മറക്കില്ല. തലശ്ശേരി അതിരൂപതയിലെ എല്ലാ വിധത്തിലും ഒന്നാം സ്ഥാനത്തുള്ള സ്കൂളാണ് വായാട്ടുപറമ്പ് സ്കൂൾ. ജോണച്ചൻ തലശ്ശേരി രൂപതയിൽ പെരുമ്പടവ്, പൈസക്കരി, മാടത്തിൽ, കണ്ണിവയൽ, പൊന്മല എന്നീ ഇടവകകളിൽ വികാരിയാ യിരുന്നു. ഈ കാലഘട്ടത്തിൽ എല്ലാ പള്ളി പെരുന്നാളുകളിലും പാട്ടുകുർബാനയ്ക്ക് നേതൃത്വം നല്കിയത് അച്ചനായിരുന്നു. പൗരോഹിത്യ സ്വീകരണ ശുശ്രൂഷകളിലും അച്ചനായിരുന്നു ഗാനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നത്. ഇന്നത്തെ മാനന്തവാടി രൂപതയിലെ ചുങ്കക്കുന്ന് ഫൊറോന വികാരി ആയിരുന്ന അദ്ദേഹം ഇടവകയുടെ നാനാമുഖമായ വളർച്ചയ്ക്ക് നേതൃത്വം നൽകി.

താമരശ്ശേരി രൂപതയിലെ വിലങ്ങാട്, നെന്മേനി, അടയ്ക്കാക്കുണ്ട്, പന്തല്ലൂർ, തൂവ്വൂർ, ഊരകം, തെയ്യപ്പാറ, മഞ്ഞക്കടവ്, പാതിരിക്കോട് ഇടവകകളിലും തന്റെ ഗാനമാധുരിയിലൂടെ ഇടവക ജനങ്ങളെ ദൈവത്തിങ്കലേക്കടുപ്പിക്കുവാൻ ജോണച്ചനു സാധിച്ചു. ജോണച്ചൻ വികാരിയായിരുന്ന ഇടവകകളിൽനിന്നും ലഭിച്ച ദൈവവിളികൾ ഓരോ ഇടവകയുടെയും വളർച്ച, സർവ്വോപരി ഇടവകാഗങ്ങളുടെ ആദ്ധ്യാത്മിക സാമ്പത്തിക വളർച്ച ഇതാണ് ജോണച്ചന്റെ പൗരോഹിത്യ ജീവിതവിജയം. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ 18 ഇടവകകളിലെ അജപാലനശുശ്രൂഷ, അനേകം വൈദികരുടെ പൗരോഹിത്യസ്വീകരണ

ഗാനങ്ങൾ, അനേകം പള്ളിത്തിരുന്നാളുകളിൽ സർവ്വേശ്വര മഹത്വം ദർശിച്ച വി. കുർബാനകൾ, അസാധ്യമെന്ന് കരുതിയ പ്രവർത്തനങ്ങൾ, ഇവയെല്ലാമാണ് അച്ചനെ വ്യത്യസ്തനാക്കുന്നത്.

2009 മാർച്ച് 1 മുതൽ വിശ്രമജീവിതം നയിച്ചുവന്ന ജോണച്ചൻ 2020 മാർച്ച് 26 ന് സ്വർഗ്ഗീയ സമ്മാനത്തിനായി യാത്രയായി. ജോണച്ചന്റെ ജീവിതം പുതിയ തലമുറയിലെ വൈദികർക്ക് വഴികാട്ടിയാണ്. നിഷ്ഠയുള്ള ജീവിതചര്യയിലൂടെ ആത്മീയതയിൽ ഈശോയുടെ തിരുഹൃദയത്തോട് ചേർന്നുനിന്ന തീവ്ര സഭാ സ്നേഹി. തിരുവൾത്താരയിൽ ബലിയുടെ പൂർണ്ണതയായി, കുമ്പസാരവേദികളിൽ നിറസാന്നിധ്യമായി, കാർഷിക രംഗത്ത് മണ്ണിന്റെ മണമുള്ളവനായ്, ലാളിത്യത്തിന്റെയും വ്രതശുദ്ധിയുടെയും ഉത്തമ മാതൃകയായ കർമ്മയോഗി. കുറവുകളെക്കുറിച്ച് ഒരിക്കലും പരാതിയോ പരിഭവമോ ഇല്ലാതെ സ്വജീവിതം കൊണ്ട് പൗരോഹി ത്യത്തെ നിർവചിച്ച ഒരു നിർമ്മലനായ വൈദികൻ. 2011 മുതൽ കരൾ സംബന്ധമായ രോഗങ്ങൾ അച്ചനെ ഏറെ സഹനങ്ങ ളിലേക്ക് എത്തിക്കുകയായിരുന്നു. കഠിനവേദന അനുഭവിക്കുമ്പോഴും അച്ചൻ യാതൊരു പരാതിയും പറയാതെ അവയെല്ലാം നിശബ്ദമായി സഹിക്കുമായിരുന്നു. വിദഗ്ദ ചികിത്സ നൽകിയെങ്കിലും രോഗം തീവ്രമാവുകയായിരുന്നു. 2020 മാർച്ച് 24-ാം തീയതി രൂപതാദ്ധ്യ ക്ഷനായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്നും രോഗീലേപനം സ്വീകരിച്ച് മാർച്ച് 26 ന് അച്ചൻ ദൈവപിതാവിന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

## മതബോധനം

**വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!**

സമകാലീന ചരിത്രത്തിൽ ഭീതിയോടെ അടയാളപ്പെടുത്തുന്ന മഹാമാരി ആയിരിക്കും കോവിഡ്-19 എന്ന കൊറോണ വൈറസ്. രണ്ടുമൂന്ന് ആഴ്ചകളുടെ വ്യത്യാസത്തിൽ ലോക വ്യവസ്ഥിതികൾ എല്ലാം തകിടം മറിയുന്ന കാഴ്ച. ‘Social Distancing’ ആവശ്യമായതിനാൽ പൊതു വിശുദ്ധ കുർബാനയർപ്പണംവരെ താല്ക്കാലികമായി നിർത്തിവെയ്ക്കുന്നു. ഗാർഹിക സഭയാകുന്ന കുടുംബങ്ങൾ പൂർണ്ണ അർത്ഥത്തിൽ ദൈവാലയങ്ങൾ ആയി മാറുന്നു. നമുക്കോർക്കാം മരണമടഞ്ഞ ആയിരങ്ങളെ....ഒപ്പം രോഗബാധിതരേയും അവരെ ശുശ്രൂഷിക്കുന്നവരേയും...

കരുണാർദ്രമായ സ്നേഹത്തിന്റെ പരമോന്നതമായ പ്രകടനമാണ് ഉയിർപ്പു തിരുനാൾ. ക്രിസ്തീയ വിശ്വാസത്തിലെ ഏറ്റവും വലിയ രഹസ്യമാണിത്. വേദനിക്കുന്നവർക്ക് ഹൃദയം പറിച്ചുകൊടുക്കുന്ന കരുണാമയമായ സ്നേഹം അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുത്തപ്പെട്ടത് ഈശോയുടെ ഉത്ഥാനത്തിലൂടെയാണ്. ഉത്ഥാനത്തിരുനാൾ ആശംസ യോടൊപ്പം ദൈവകരുണയുടെ തിരുനാളിന്റേയും മാർത്തോമ്മാ ശ്ലീഹാ യുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളായ പുതുഞായറിന്റെയും മംഗളങ്ങൾ ഏവർക്കും നേരുന്നു.

## പ്രത്യേക അറിയിപ്പ്

ഇപ്പോഴത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഏപ്രിൽ 12 വരെയുള്ള എല്ലാ പ്രോഗ്രാമുകളും (വിശ്വാസോത്സവം, വാർഷിക പരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ, പ്രതിഭാസംഗമം) മാറ്റിവക്കുന്നു. പുതിയ തിയ തികൾ പിന്നീട് അറിയിക്കുന്നതാണ്.

## ASPCT പരീക്ഷ

2019 – 2020 അധ്യയനവർഷത്തിലെ മതാധ്യാപക തുടർപരിശീലന പരീക്ഷ എല്ലാ സൺഡേ സ്കൂളുകളിലും വച്ച് ഫെബ്രുവരി 23, മാർച്ച് 1 തീയതികളിലായി നടന്നു. 60 വയസ്സിൽ താഴെയുള്ള രൂപതയിലെ 1401 മതാധ്യപകർ പരീക്ഷയിൽ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

## ASPCT പരീക്ഷയിൽ രൂപതാതല സമ്മാനത്തിന് അർഹരായവർ

1 -ാം സ്ഥാനം – ബീന നെൽസൺ ചക്കുംമൂട്ടിൽ, കൂരോട്ടുപാറ

2 -ാം സ്ഥാനം – സി. ബിനി ഡി.എസ്.ടി, മാലാപറമ്പ്

3 -ാം സ്ഥാനം – സി. മരിയറ്റ് എസ്.ഡി, പുല്ലൂരാംപാറ

## വിശ്വാസോത്സവ വർക്ക് ബുക്ക്

ഏപ്രിൽ ആദ്യവാരം നടക്കേണ്ടിയിരുന്ന വിശ്വാസോത്സവം മാറ്റിവയ്ക്കുന്നു എന്നേയുള്ളു. പുതിയ തീയതികൾ അറിയിക്കുന്നതാണ്. വർക്ക് ബുക്കുകൾ മതബോധന കേന്ദ്രത്തിൽ നിന്നും വാങ്ങി ഇടവക സൺഡേ സ്കൂൾ ഓഫീസിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## രൂപതാ മതബോധന കമ്മറ്റി

അടുത്ത അധ്യയന വർഷത്തെ രൂപതാമതബോധന കമ്മറ്റി മെയ് 09 ശനിയാഴ്ച അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ രൂപതാഭവനിൽ വച്ച് ചേരുന്നതാണ്.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# കെ.സി.വൈ.എം.

## GRATIA PLENA പരീക്ഷ ഒരുക്ക ആരാധന

കെ.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ പരീക്ഷാർത്ഥികൾക്ക് ആത്മീയമായ കൃപാവരങ്ങൾ യാചിച്ചുകൊണ്ട് എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷ എഴുതുന്നവർക്കായി പരീക്ഷ ഒരുക്ക ആരാധന യൂണിറ്റുകളിൽ മാർച്ച് എട്ടാം തീയതി നടത്തപ്പെട്ടു. ധാരാളം കുട്ടികളും മാതാപിതാക്കളും ആരാധനയിൽ സംബന്ധിച്ചു.

## പെൺമ 2020 വനിതാ സംഗമം

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം സംസ്ഥാന സമിതി സംഘടിപ്പിച്ച വനിതാ കൺവെൻഷൻ പെൺമ 2020 വരാപ്പുഴ രൂപതയുടെ ആഭിമുഖ്യത്തിൽ പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ നടത്തപ്പെട്ടു. വിവിധ രൂപതകളിൽ നിന്നായി 150 വനിതകൾ പങ്കെടുത്ത സംഗമം മാളു ഷെയ്ക്ക ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് ലിമിന ജോർജ് അധ്യക്ഷത വഹിച്ചു.

## നിയോഗപ്പെട്ടി - മധ്യസ്ഥ പ്രാർത്ഥന

എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷ എഴുതുന്നവർക്കായി രൂപത സ്പിരിചൽ വിങ്ങിന്റെ നേതൃത്വത്തിൽ മധ്യസ്ഥ പ്രാർത്ഥന ആരംഭിച്ചു.

## കൊറോണ - മുൻകരുതലുകൾ നൽകി കെ.സി.വൈ.എം

കൊറോണ വ്യപനത്തിന് എതിരെ മുന്നറിയിപ്പുകൾ നൽകിക്കൊണ്ട് സോഷ്യൽ മീഡിയ പോസ്റ്ററുകൾ രൂപത സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കി പ്രചരിപ്പിച്ചു വരുന്നു. ചെമ്പനോട യൂണിറ്റിന്റെ നേതൃത്വത്തിൽ അങ്ങാടിയിൽ കൈകഴുകാൻ ഉള്ള സൗകര്യം ഏർപ്പെടുത്തി. വിവിധ യൂണിറ്റുകളിൽ സാനിറ്റയിസറുകൾ വിതരണം ചെയ്തു.

## യുവ - ഇൻസൈറ്റ്സ്

വി. ഗ്രന്ഥത്തിലെ വിവിധ വ്യക്തികളെക്കുറിച്ചുള്ള യുവജനങ്ങളുടെ വിചിന്തനങ്ങൾ എഴുതി അയച്ചു തരുന്ന യുവ ഇൻസൈറ്റ്സ് യുവജന വിചിന്തനങ്ങൾ കഴിഞ്ഞ ഒരു മാസത്തോളമായി നടന്നുവരുന്നു. ഗ്രന്ഥ ത്തിൽ നിന്നും വ്യക്തിജീവിതത്തിലേക്ക് മാതൃകകൾ സ്വീകരിക്കാവുന്ന അനേകം കഥാപാത്രങ്ങളെ ധ്യാന വിഷയം ആക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.സഹകരിക്കുന്ന എല്ലാവർക്കും നന്ദി.

## അറിയിപ്പുകൾ

**1. ദുരന്തനിവാരണ സേന:** കെ.സി.വൈ.എം നേതൃത്വത്തിൽ രൂപത പാസ്റ്ററൽ കൗൺസിലിന്റെ നിർദ്ദേശപ്രകാരം ദുരന്തനിവാരണ സേനയെ രൂപീകരിക്കുന്നു. സന്നദ്ധരായ യുവജനങ്ങളെ എല്ലാ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കുകയും അവർക്ക് വേണ്ട ഔദ്യോഗിക പരിശീലനം ഗവൺ മെന്റ് സംവിധാനങ്ങളിലൂടെ നൽകുകയും ചെയ്യുന്നതായിരിക്കും. ഏപ്രിൽ മെയ് മാസങ്ങളിലായി രൂപതാ സമിതിയുടെ യൂണിറ്റ് വിസിറ്റുകളിൽ ഈ സംവിധാനത്തോടെ ചേർന്ന് പ്രവർത്തിക്കാൻ താല്പര്യമുള്ള യുവജന ങ്ങളെ തിരഞ്ഞെടുക്കുന്നതായിരിക്കും.

**2. Visita 2020 യൂണിറ്റ് വിസിറ്റുകൾ:** യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി രൂപത സമിതിയുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളും സന്ദർശിക്കുന്ന വിസീത്ത 2020 ഏപ്രിൽ - മെയ് മാസങ്ങളിലായി നടത്താൻ ആഗ്രഹിക്കുന്നു. കൊറോണ വൈറസ് പ്രശ്നങ്ങൾ അവസാനിക്കുന്നത് അനുസരിച്ച് സന്ദർശനം ആരംഭിക്കുന്നതാണ്. പ്രകൃതിയിലെ പല യൂണിറ്റുകളും നിർജ്ജീവമായ പശ്ചാത്തലത്തിലും കുടുംബ നവീകരണ വർഷത്തോട് അനുബന്ധിച്ച് സെപ്റ്റംബർ മാസം യുവജന മാസം ആയതിനാലും ഈ വർഷത്തെ തുടർപ്രവർത്തനങ്ങളിൽ ഇടവകകളിൽ നിന്നും വിവിധ കമ്മിറ്റികൾ രൂപീകരിക്കേണ്ടതിനാലും ആണ് ഈ സന്ദർശനം നടത്തുന്നത്. ഇടവക സന്ദർശനത്തിന് വരുമ്പോൾ റിപ്പോർട്ട് കഴിഞ്ഞ മെയ് മുതലുള്ള റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്. യൂണിറ്റ് വിസിറ്റിംഗ് തീയതികൾ അറിയിക്കുന്നതായിരിക്കും.

ഇടവക സന്ദർശനത്തിന് വരുമ്പോൾ രൂപീകരിക്കേണ്ട ടീമുകൾ

1. ദുരന്ത നിവാരണ സേന അംഗങ്ങൾ
2. EWS ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ, മൈനോറിറ്റി വിങ് അംഗങ്ങൾ
3. ELYSIAN 2020 - YOUTH CONVENTION ൽ പങ്കെടുക്കുന്നവർ
5. കുടുംബ നവീകരണ വർഷ - യുവജന പ്രോഗ്രാമുകളുടെ കമ്മറ്റി

(മേൽപ്പറഞ്ഞ ടീമുകളിൽ പ്രവർത്തിക്കാൻ താല്പര്യം ഉള്ള യുവജനങ്ങളെ മുൻകൂട്ടി കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി വയ്ക്കാൻ യൂണിറ്റ് ഭാരവാഹികളും ആനിമേറ്റേഴ്സും ബഹു. വികാരിയച്ചന്മാരും ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു)

**3. നിലാവ്കൂട്ടം അവസാനിപ്പിക്കുന്നു:** കഴിഞ്ഞ രണ്ട് വർഷ ത്തോളമായി രൂപതയിൽ നടന്നുവന്നിരുന്ന നിലാവ്കൂട്ടം പ്രോഗ്രാം ഈ വരുന്ന മെയ് മാസത്തോടുകൂടി അവസാനിക്കുകയാണ്. രൂപതയിലെ എഴുപതോളം ഇടവകകളിൽ നിലാവ്കൂട്ടം നടത്താൻ സാധിച്ചു. എങ്കിലും ഏതാനും പ്രധാനപ്പെട്ട ഇടവകകളിൽ ഇതുവരെ നടത്താൻ സാധിച്ചില്ല. വരുന്ന

മാസങ്ങൾക്കുള്ളിൽ സാധിക്കുമെങ്കിൽ യുവജനങ്ങൾക്ക് വേണ്ടി ഈ പ്രോഗ്രാം സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ഉത്സാഹം കാണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**4. റിസോഴ്സ്ടീം ട്രെയിനിങ്:** രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന മുപ്പതോളം യുവജനങ്ങൾ ഉൾക്കൊള്ളുന്ന റിസോഴ്സ് ടീമിന്റെയും 25 ബഹു. സിസ്റ്റേഴ്സ് ഉൾക്കൊള്ളുന്ന യൂത്ത് മിനിസ്ട്രി ടീമിനെയും ഒരാഴ്ചക്കാലം നീളുന്ന ഫോർമേഷൻ ക്യാമ്പ് ഏപ്രിൽ 26 മുതൽ മെയ് 2 വരെ നടക്കുന്നു. ബഹു. ഫാ. ഷാന്തി പുതുശ്ശേരി അച്ചൻ നേതൃത്വം നൽകുന്നു.

**5. EWS - Help Desk:** കേന്ദ്രഗവൺമെന്റും കേരള സംസ്ഥാന ഗവൺമെന്റും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 10 ശതമാനം സാമ്പത്തിക സംവരണം അവകാശപ്പെട്ട കത്തോലിക്കർക്ക് അത് ലഭ്യമാക്കുവാനായി എല്ലാ ഇടവകകളിലും കേന്ദ്രീകരിച്ചുകൊണ്ട് ഹെൽപ്പ് ഡസ്ക്കുകൾ ആരംഭിക്കുന്നു. EWS സർട്ടിഫിക്കറ്റിനായി ഓഫീസർമാരെ സമീപിക്കുമ്പോൾ ന്യായീകരണങ്ങൾ നിരത്തി ഒഴികഴിവുകൾ പറയുന്ന രീതി തുടരുന്നതിനാൽ സംഘടിതമായ ഒരു നീക്കം ഇതിനായി ആവശ്യ മാണ് എന്നതിനാലാണ് ഹെൽപ് ഡെസ്ക്കുകൾ രൂപീകരിക്കുന്നത്. അതത് വില്ലേജ് ഓഫീസുകളും ആയി നിരന്തരം ബന്ധപ്പെടാനും സർട്ടിഫിക്കറ്റു മായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി ശേഖരിച്ച് ആവശ്യക്കാരനെ സഹായിക്കാനും ഹെൽപ് ഡെസ്കിലൂടെ ഉദ്ദേശിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലെ വിസിത്ത 2020 പ്രോഗ്രാമിൽ ഈ ടീമിനെ സെലക്ട് ചെയ്ത് നിർദ്ദേശങ്ങൾ തരുന്നതായിരിക്കും.

**6. സ്പിരിചൽ ടീം രൂപീകരണം:** രൂപതാ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സ്പിരിചൽ ടീം വളരെ സജീവമായി കഴിഞ്ഞ മാസങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ ഇടവകകളിൽ നിന്നും ഈ ടീമിനോട് സഹകരിച്ചു പ്രവർത്തിക്കുന്ന ഏതാനും യുവജനങ്ങളെ തിരഞ്ഞെടുത്ത ആത്മീയ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ആഗ്രഹിക്കുന്നു. യൂണിറ്റ് സന്ദർശനവേളയിൽ ടീമിനെയും തിരഞ്ഞെടുക്കുന്നതായിരിക്കും.

**7. Athletic 2020:** കെ.സി.വൈ.എം രൂപതാ സമിതിയുടെ അത്‌ലറ്റിക്സ് സ്പോർട്സ് ആൻഡ് ഗെയിംസ് മത്സരങ്ങൾ ഈ വർഷവും സംഘടിപ്പിക്കുന്നു. വരുന്ന മെയ് മാസത്തിൽ മത്സരങ്ങൾ ആരംഭിക്കുന്ന തായിരിക്കും. ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ, ബാസ്കറ്റ് ബോൾ എന്നീ ഇനങ്ങളും വിവിധ അത്‌ലറ്റിക് ഇനങ്ങളും സംഘടിപ്പിക്കു ന്നതായിരിക്കും. തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

**8. ELYSIAN 2020 Youth Convention രജിസ്ട്രേഷൻ:** ഈ വർഷം ഒക്ടോബർ 23 മുതൽ ബഥാനിയാ ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്ന ELYSIAN 2020 യുവജന കൺവെൻഷനിൽ ഇടവകയിൽ നിന്നും പങ്കെടുക്കുന്ന യുവജനങ്ങളുടെ

രജിസ്ട്രേഷൻ മെയ്മാസം നടത്തുന്നു. 18 മുതൽ 25 വയസ്സിന് ഇടയിൽ പ്രായമുള്ളവർക്ക് ആണ് ഇതിൽ പങ്കെടുക്കാൻ അവസരം. ഒരു ഇടവകയിൽ നിന്നും അഞ്ചുപേർക്കാണ് ഇതിന് അവസരമുള്ളത്. ബഹു. വികാരിയച്ചന്മാരാണ് ഈ അഞ്ച്പേരെ തിരഞ്ഞെടുത്ത് നൽകേണ്ടത്. യൂണിറ്റ് സന്ദർശനവേളയിൽ ഇവരുടെ പേര് വിവരങ്ങൾ ശേഖരിക്കുന്നതായിരിക്കും.

**9. One day leaders camp:** രൂപതയിലെ എല്ലാ യൂണിറ്റിൽ നിന്നുമുള്ള പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ ഭാരവാഹികളെയും എല്ലാ മേഖല പ്രതിനിധികളെയും മേഖല ഭാരവാഹികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് മെയ് മാസത്തിൽ ഒരു ദിവസം നീളുന്ന ഒരു ക്യാമ്പ് എല്ലാ മേഖലകളിലും സംഘടിപ്പിക്കുന്നു. വരുന്ന സെപ്റ്റംബർ മാസം എല്ലാ ഇടവകകളിലും നടത്തുന്ന യുവജന ശക്തീകരണ പ്രോഗ്രാമിന്റെ മുന്നോടിയായുള്ള ക്യാമ്പ് ആയിരിക്കും ഇത്. മേൽപ്പറഞ്ഞ എല്ലാ ഭാരവാഹികളും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ് എന്ന് മുൻകൂട്ടി അറിയിക്കുന്നു. തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**10. ലൗവ് ജിഹാദ്:** പ്രണയബന്ധങ്ങളിലും മയക്കുമരുന്ന് മദ്യപാനം തുടങ്ങിയവയിലും അകപ്പെട്ടിരിക്കുന്ന യുവജനങ്ങളുടെ പുനരുദ്ധാരണ ത്തിനും അടിയന്തര സഹായങ്ങൾക്കുമായി രൂപതാ തലത്തിൽ ഒരു സഹായകസമിതി രൂപീകരിച്ചിരുന്നു. വീട്ടുകാർക്ക് ആവശ്യമായ അടിയന്തിരമായ സഹായങ്ങൾ, വിവരങ്ങൾ, നിയമ സഹായങ്ങൾ, കുട്ടികൾക്കാവശ്യമായ കൗൺസിലിംഗ്, ധ്യാനം, കുമ്പസാരം തുടങ്ങിയ വിവിധങ്ങളായ റിഹാബിലിറ്റേഷൻ സംവിധാനങ്ങൾ ടീമിന്റെ ഭാഗത്തു നിന്നും ലഭ്യമാണ്. അടിയന്തര ആവശ്യങ്ങളിൽ ഈ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്: 9645776746, 8086442992.

**11. അഡ്ഹോക്ക് കമ്മിറ്റി മീറ്റിംഗ്:** കെ.സി.വൈ.എം യുവജന സംഘടനയുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും ഭാവിപരിപാടികളെ ക്കുറിച്ച് ആലോചിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും രൂപീകരിക്കപ്പെട്ട രൂപതാതല കമ്മിറ്റി രൂപത വികാരി ജനറാൾ ബഹു. മോൺ. ജോൺ ഒറവുങ്കരയുടെ അധ്യക്ഷതയിൽ മാർച്ച് പതിനെട്ടാം തീയതി യോഗം ചേർന്നു. ഫാ. കുര്യൻ താന്നിക്കൽ, ഫാ. ആന്റണി ചെന്നിക്കര, ഫാ. സബിൻ തൂമുള്ളിൽ, ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ എന്നിവരട ങ്ങുന്ന അഡ്ഹോക്ക് കമ്മിറ്റി അംഗങ്ങളാണ് മീറ്റിംഗിൽ പങ്കെടുത്തത്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ഫാമിലി അപ്പോസ്റ്റലേറ്റ്

മാർച്ച് 09-11 തീയ്യതികളിൽ പി.എം.ഒ.സി. യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 70 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ജോർജ്ജ് കളപ്പുര, ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ,, ഫാ. പ്രഫുൽ IMS, ഫാ. അരുൺ വടക്കേൽ, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, സി. ആൻജോ എസ്. എച്ച്., ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, പ്രൊഫ. ഷാന്റി ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. തോമസ് പുതിയാപറമ്പിൽ, സജീവ് - ഷീബ പുരയിടത്തിൽ, ഡോ. അരുൺ -ഡോ. ചിന്നു, തോമസ്-ഏലിക്കുട്ടി വെട്ടത്ത് എന്നിവരുടെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിൽ പങ്കെടുത്ത വിവാഹാർത്ഥികളോട് ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ടീം അംഗങ്ങൾ മറുപടി നൽകുകയും ചെയ്തു. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, മിസ്റ്റർ ജോൺസൺ പൂവ്വത്തിങ്കൽ എന്നിവർ ക്ലാസുകൾ എടുത്തു 90-ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 5 മണിയോടെ അവസാനിച്ചു. എം. എസ്.എം.ഐ സന്ന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സ് കൗൺസിലിംഗിനു നേതൃത്വം നല്കി.

മാർച്ച് 30 മുതൽ ഏപ്രിൽ 1 വരെ പി.എം.ഒ.സി.യിൽ വച്ച് നടത്താനിരുന്ന പ്രീ-കാനാ കോഴ്സ് മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## പോസ്റ്റ്കാനാ കോഴ്സ് നടത്തി

കോടഞ്ചേരി സെന്റ് മേരീസ് ഫൊറോനാ ദേവാലയത്തിൽ കുടുംബ വർഷത്തോടനുബന്ധിച്ച് 1999-നും 2009-നുമിടയിൽ വിവാഹിതരായവർക്കുവേണ്ടി ദമ്പതീശക്തീകരണ സെമിനാർ നടത്തി. സമ്പത്തിന്റെ വിനിയോഗം, എങ്ങനെ കുട്ടികളെ നല്ലവരായി വളർത്താം, ദമ്പതിമാരെ എങ്ങനെ ശക്തീകരിക്കാം, വൈകാരിക പക്വത എന്നീ വിഷയങ്ങളെ അധികരിച്ച് രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സ് നയിച്ചു. ഫൊറോനാ വികാരി ഫാ. തോമസ് നാഗപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രോ-ലൈഫ് രൂപതാ സെക്രട്ടറി ശ്രീ. ജോൺസൺ തെങ്ങുംതോട്ടത്തിൽ അദ്ധ്യക്ഷനായിരുന്നു. പ്രോ-ലൈഫ് രൂപതാ എക്സിക്യൂട്ടീവ് അംഗം മാർട്ടിൻ റ്റി.ഡി. സ്വാഗതവും, യൂണിറ്റ് സെക്രട്ടറി സിബി പുളിമൂട്ടിൽ നന്ദിയും പറഞ്ഞു. സെമിനാർ ഞായറാഴ്ച വി. കുർബ്ബാനയോടുകൂടി ആരംഭിച്ചു. ദമ്പതി

മാരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചനടത്തുകയും ടീം ലീഡേഴ്സ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കുടുംബങ്ങളുടെ ആദ്ധ്യാത്മികവും വൈകാരികവുമായ അവസ്ഥയെ കണ്ടുപിടിക്കുന്നതിനായി ദമ്പതിമാർക്ക് പ്രത്യേകം ചോദ്യാവലികൾ പൂരിപ്പിക്കുന്നതിനായി നൽകിയിരുന്നു. കുടുംബവർഷത്തിൽ ദമ്പതിമാരെ 10 വർഷം വീതമുള്ള വിവിധ ഗ്രൂപ്പുകളായി തിരിച്ചാണ് ദമ്പതീശക്തീകരണസെമിനാർ കോടഞ്ചേരി ഇടവകയിൽ സംഘടിപ്പിക്കുന്നതെന്ന് വികാരി ഫാ. തോമസ് നാഗപറമ്പിൽ പറഞ്ഞു. അടുത്ത ഗ്രൂപ്പ് 1985-നും1999- നുമിടയ്ക്ക് വിവാഹിതരായവർക്കുവേണ്ടിയാണ്.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

# കുടുംബക്കൂട്ടായ്മ

താമരശ്ശേരി രൂപത പ്രഖ്യാപിച്ചിരിക്കുന്ന കുടുംബനവീകരണ വർഷത്തിൽ ഏപ്രിൽ മാസത്തിലെ പ്രോഗ്രാമുകൾ കുടുംബക്കൂട്ടായ്മ കളുടെ ആഭിമുഖ്യത്തിലാണ് ഇടവകകളിൽ നടപ്പിലാക്കേണ്ടത് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളെ ഇക്കാര്യങ്ങൾ അറിയിക്കുകയും അവരുടെ സഹായത്തോടെ ഈ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ വേണ്ട ക്രമീകരണങ്ങൾ വികാരിയച്ചന്മാർ ചെയ്യേണ്ട തുമാണ്.

## കുടുംബയൂണിറ്റ് ശാക്തീകരണം

കുടുംബക്കൂട്ടായ്മകളിൽ യൂണിറ്റിലെ എല്ലാ കുടുംബങ്ങളുടെയും സാന്നിധ്യം ഉറപ്പുവരുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. യൂണിറ്റ് കൂട്ടായ്മകളിൽ നിന്ന് ഏതെങ്കിലും വ്യക്തികളോ, കുടുംബങ്ങളോ മാറിനില്ക്കുന്നുണ്ടെങ്കിൽ അവരെ കൂട്ടായ്മകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. അതിനായി യൂണിറ്റ് ഭാരവാഹികളോ വികാരിയച്ചനോ, വികാരിയച്ചൻ നിയോഗിച്ചിരിക്കുന്ന വ്യക്തികളോ അവരെ സന്ദർശിക്കുകയും അവരുമായി സംസാരിക്കുകയും അവരെ കുടുംബക്കൂട്ടായ്മയിലേക്ക് ക്ഷണിക്കുകയും അവരുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

കുടുംബ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ തീർത്ഥാടന കേന്ദ്രങ്ങൾ, ആതുരാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ സന്ദർശിക്കുക. കുടുംബ യൂണിറ്റ് വാർഷികങ്ങൾ സമുചിതമായി സംഘടിപ്പിക്കുക എന്നിവയും ഈ കുടുംബനവീകരണ വർഷത്തിൽ ചെയ്യേണ്ടതാണ്.

**നിർദ്ധന കുടുംബങ്ങൾക്ക് ധനാഗമമാർഗ്ഗങ്ങൾ ഒരുക്കുന്ന പദ്ധതികൾ**

ഇടവകയിലെ നിർദ്ധന കുടുംബങ്ങൾക്ക് മരുന്ന്, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുക.

ഇടവകയിലെ ഇത്തരത്തിലുള്ള സഹായം ഏറ്റവും ആവശ്യമു ള്ളവരെ കണ്ടെത്തുകയും അവരെ സഹായിക്കുന്നതിനായി യൂണിറ്റുതല ത്തിലോ ഇടവകാ തലത്തിലോ ഫണ്ടുശേഖരിക്കുകയും എല്ലാ മാസവും രഹസ്യസ്വഭാവത്തോടെ അതവർക്ക് വിതരണം ചെയ്യേണ്ടതുമാണ്.

## Share Out Programme

വീടുകളിൽ സൂക്ഷിച്ചിരിക്കുന്നതും എന്നാൽ ഇപ്പോൾ ഉപയോഗിക്കാത്തതും ഉപയോഗയോഗ്യവുമായ വീട്ടുപകരണങ്ങൾ ശേഖരിച്ച് അർഹരാ യവരെ കണ്ടെത്തി വിതരണം ചെയ്യുന്ന പദ്ധതി.

വീടുകളിൽ ഉപയോഗിക്കാതെ വച്ചിരിക്കുന്നതും എന്നാൽ ഉപയോഗയോഗ്യവുമായ വീട്ടുപകരണങ്ങൾ (കട്ടിൽ, മേശ, ഫ്രിഡ്ജ്, ടി.വി.,....) എന്നിവ കുടുംബ യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഇടവക തലത്തിൽ ശേഖരിക്കുകയും അവ അർഹരായവർക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഈ പ്രോഗ്രാം നടപ്പിലാക്കുമ്പോൾ ആവശ്യക്കാരുടെ പേരുവിവരങ്ങൾ പരസ്യപ്പെടുത്താതിരിക്കുന്നത് ഉചിതമായിരിക്കും.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

കുടംബനവീകരണ വർഷമായി, രൂപതയിൽ നിന്ന് ലഭിച്ചിരിക്കുന്ന നിർദേശമനുസരിച്ച് ഫെബ്രുവരി മാസം വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തിക്കുന്ന എല്ലാ ഇടവകകളിലും പ്രായമായിട്ടുള്ള വർക്കും രോഗികൾക്കുമായി വിവിധ ശുശ്രൂഷകൾ ചെയ്യുകയുണ്ടായി. പ്രത്യേകിച്ച് അവശരാവരുടെ വീടുകളിൽ വികാരിയച്ചനെയുംകൂട്ടി ഭവന സന്ദർശനങ്ങൾ നടത്തി. കുമ്പസാരവും, വി. കുർബാനയും ആവശ്യമുള്ള വർക്ക് നല്കി.

ദേവഗിരി എസി യിലെ പാറോപ്പടി ഇടവകയിൽ വർഷങ്ങളായി പള്ളിയിൽ വരാൻ സാധിക്കാത്ത രോഗികൾക്കായി കുമ്പസാരവും വി. കുർബാനയും നല്കുന്നതിന് അവരെ പള്ളിയിലേക്ക് കൊണ്ടുവന്നു. രോഗികളായി 55 പേരും,

അവരുടെ ബന്ധുക്കളും പ്രവർത്തകരും അടങ്ങിയ സമൂഹത്തിന് വികാരിയച്ചൻ റവ. ഫാ. ജോസ് വടക്കേടം അർപ്പിച്ച ദിവ്യബലി വലിയ അനുഭവമായിരുന്നു. തുടർന്ന് സ്നേഹവിരുന്നും സമ്മാനങ്ങളും നൽകുകയുണ്ടായി. ഇതിനുവേണ്ടി വികാരിയച്ചനും കൊച്ചനും കൂടാതെ 2 ഡോക്ടർമാർ, 15 നഴ്സുമാർ എന്നിവരുടെ മുഴുവൻ സമയ സേവനം ലഭിക്കുകയുണ്ടായി. കൂടാതെ അടിയന്തരഘട്ടം വരുകയാണെങ്കിൽ ഉപയോഗിക്കുന്നതിനായി ആംബുലൻസ് സർവ്വീസും ഒരുക്കിയിരുന്നു.

ഇതുപോലെ രൂപതയിലെ എല്ലാ ഇടവകകളിലും പ്രായമായവരേയും രോഗികളെയും പ്രത്യേകം ശ്രദ്ധിക്കുകയും ആത്മീയ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുകയും വികാരിയച്ചന്മാരുടെ സാന്നിധ്യത്തിൽ ആദരിക്കുകയും ചെയ്തിരുന്നു.

കുളത്തുവയൽ എസി യുടെ വാർഷിക സെമിനാർ, നരിനട, സെന്റ് അൽഫോൻസ പള്ളിയിൽ വച്ച് നടക്കുകയുണ്ടായി. സി. സി. പ്രസിഡന്റ് ബ്ര. തോമസ് പുലിക്കോട്ടിൽ അദ്ധ്യക്ഷം വഹിച്ച സെമിനാർ, ഇടവക വികാരി ഫാ. ഡാന്റീസ് കിഴക്കരക്കാട്ട് ഉദ്ഘാടനം ചെയ്യുകയും കുളത്തു വയൽ അസിസ്റ്റന്റ് വികാരി ഫാ. മാത്യു തൂമുള്ളിൽ ക്ലാസ്സ് എടുക്കുകയും ചെയ്തു. എസി പ്രസിഡന്റ് ബ്ര. ജോഷി ചീങ്കല്ലേലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സെമിനാറിൽ ഫൊറോനയിലെ എല്ലാ കോൺഫ്രൻസ് അംഗങ്ങളും പങ്കെടുത്തിരുന്നു.

"കോവിഡ് 19" ന്റെ രോഗാവസ്ഥ നിലനില്ക്കുന്നതിനാൽ മാർച്ച് 14 ന് നടക്കേണ്ടിയിരുന്ന രൂപതാ സെൻട്രൽ കൗൺസിൽ മീറ്റിംങ്ങ് മറ്റൊരവസരത്തിലേക്ക് നീട്ടിവെച്ചിരിക്കുകയാണ്. ആയതിനാൽ കൂടതൽ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ മറ്റു വിശദാംശങ്ങൾ അടുത്ത റിപ്പോർട്ടിൽ ചേർക്കുന്നതായിരിക്കും.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# അൽഫോൻസ കോളേജ് തിരുവമ്പാടി

## നാക് അക്രഡിറ്റേഷൻ ശ്രമം തുടങ്ങി

കോളേജിന് ദേശീയതലത്തിൽ അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ക്വാളിറ്റി എൻഹാൻസ്മെന്റിന്റെ ഭാഗമായി ഏകദിന ഫാക്കൽറ്റി ഓറിയന്റേഷൻ ശിൽപശാല നടത്തി. ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യ ത്തോടെ നടപ്പാക്കുന്ന യു.ജി.സി പരാമർശ് (U G C PARAMARSH) സ്കീം അനുസരിച്ച് നാക് NAAC (National Assesment and Acreditation Council) അക്രെഡിറ്റേഷൻ അംഗീകാരം ലഭിക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങളുടെ ഭാഗമായാണ് ശില്പശാല നടത്തിയത്. ദേവഗിരി സെന്റ് ജോസഫ്സ് കോളേജിന്റെ മെന്ററിങ് സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി അധ്യാപകർക്കായി ഗുണനിലവാര മുള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഇന്റേണൽ ക്വാളിറ്റി അഷുറൻസ് വർക്ക് ഷോപ്പും നടത്തി.

താമരശ്ശേരി രൂപതാ വികാരി ജനറാളും, എഡ്യൂക്കേഷണൽ ട്രസ്റ്റ് പ്രസിഡന്റുമായ മോൺ. ജോൺ ഒറവുങ്കര ശിൽപശാലയിൽ അധ്യക്ഷത വഹിച്ചു. ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് ജോൺ മല്ലികശ്ശേരി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻപരീക്ഷാ കൺട്രോളർ ഡോ. വി.വി ജോർജ്കുട്ടി , പൊന്നാനി ME S കോളേജിലെ അസ്സിസ്റ്റന്റ് പ്രൊഫസർ P A ലംസീർ അലി എന്നിവർ ശിൽപശാലയിൽ ക്ലാസ്സെടുത്തു. കോർപ്പറേറ്റ് മാനേജരും കോളേജ് ഡയറക്ടറുമായ റവ. ഫാ. സെബാസ്റ്റ്യൻ പുരയിടം, കോളേജ് മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ, പ്രിൻസിപ്പൽ ഡോ കെ. വി. ചാക്കോ, വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ, പരാമർശ് അക്രെഡിറ്റേഷൻ അമ്പാസിഡർ ഡോ. സിബിച്ചൻ എം തോമസ് , ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് IQAC ഡയറക്ടർ റവ. ഫാദർ N J ആന്റോ CMI, അൽഫോൻസ കോളേജ് IQAC ഡയറക്ടർ റവ. ഫാ. ജോർജ് പുതുശ്ശേരിപുത്തൻപുരയിൽ, റവ. ഫാ. മാത്യു ചെമ്പുതൂക്കിൽ, ഗവേണിങ് ബോർഡ് മെമ്പർ റവ. ഫാ. ജോസ് ഓലിയക്കാട്ടിൽ, സെബാസ്റ്റ്യൻ ചെറിയാൻ, ബെർണാഡ് ജോസ് എന്നിവർ പ്രസംഗിച്ചു.

### യുവോത്സവ് 2020

ഈ വർഷത്തെ ആർട്സ്ഡേ **യുവോത്സവ് 2020** വൈവിധ്യമാർന്ന പരിപാടികളോടെ വിപുലമായി ആഘോഷിച്ചു. വിദ്യാർത്ഥികളുടെ വിവിധ മത്സരങ്ങൾ, കലാപരിപാടികൾ എന്നിവ യുവോത്സവിന്റെ ഭാഗമായി നടന്നു. രമ്യ ഹരിദാസ് M P (ആലത്തൂർ M P) യുവോത്സവ് ഉദ്ഘാടനം ചെയ്തു. മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രിൻസിപ്പൽ റവ. ഫാദർ കുര്യൻ താന്നിക്കൽ, സ്റ്റാഫ് സെക്രട്ടറി സെബാസ്റ്റ്യൻ ചെറിയാൻ, കോ-ഓഡിനേറ്റർ ബെർണാഡ് ജോസ്, കോളേജ് യൂണിയൻ ചെയർമാൻ ധീരജ് മാത്യു ബേസിൽ, ആർട്സ് സെക്രട്ടറി ആൽബിൻ ജോബി, ദീപ ഡോമിനിക് എന്നിവർ പ്രസംഗിച്ചു.

## ഹെൽപ്പിങ് മിഷൻ

കോളേജിന്റെ സാമൂഹിക സേവനവിഭാഗമായ എറൈസിന്റെ (ARISE) ആഭിമുഖ്യത്തിൽ നടന്നുവരുന്ന സാമൂഹ്യ സേവന, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നിർധനകുടുംബത്തിന് ഭവന നിർമ്മാണ ത്തിനുള്ള ഭാഗിക ധനസഹായം നൽകി. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി എറൈസ് നടത്തുന്ന ഹെൽപ്പിങ് മിഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയാണ് ഭവനനിർമ്മാണ ഫണ്ട് നൽകിയത്.

താമരശ്ശേരി രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര പരിപാടി ഉദ്ഘാടനം ചെയ്യുകയും ഗുണഭോക്താവിന് തുക കൈമാറുകയും ചെയ്തു. മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ മുഖ്യ സന്ദേശം നൽകി. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ, എറൈസ് കോ-ഓഡിനേറ്റർ ബെർണാഡ് ജോസ്, സ്റ്റാഫ് സെക്രട്ടറി സെബാസ്റ്റ്യൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## ജോലി ഒഴിവുകൾ

2020-21 അധ്യയന വർഷം അൽഫോൻസ കോളേജിൽ കോമേഴ്സ്, സൈക്കോളജി, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നീ അധ്യാപക വിഭാഗങ്ങലും, ലൈബ്രേറിയൻ കമ്പ്യൂട്ടർ സ്റ്റാഫ് (Ms Word, Excel, Photoshop, Pagemaker, website updation, Designing ) എന്നീ തസ്തികകളിലും ഒഴിവുകളുണ്ട്. നിശ്ചിത യോഗ്യതയുള്ള, താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ 2020 എപ്രിൽ 15-ാം തിയ്യതിക്കു മുമ്പായി യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ട താണ്. നെറ്റ് (NET) യോഗ്യത ഉള്ളവർക്ക് മുൻഗണന. അപേക്ഷഫോം കോളേജ് ഓഫീസിൽ നിന്ന് നേരിട്ട് വാങ്ങുകയോ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

വിവരങ്ങൾക്ക് - 9846840272, 8606890272

Website : www.alphonsacollegethiruvambady.com

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

ALPHA
Inspire to Illumine

# ആൽഫ മരിയ അക്കാദമി

**മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സ് 2020 ഏപ്രിൽ**

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് 2020 ഏപ്രിൽ ആരംഭിക്കുന്നു. മെഡിക്കൽ, എഞ്ചനീയറിംഗ് എൻട്രൻസ് പരീക്ഷാരംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലന മായിരിക്കും ആൽഫയിൽ നൽകുക. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയ്ക്ക് പ്രത്യേകമായി പരിശീലനം ഉണ്ടായിരിക്കും. മുൻകൂട്ടി അറിയിക്കുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. കൂടുതൽ വിവിരങ്ങൽക്ക്: 0495 – 2252180, 9497567689, 8547153669.

**പ്രവേശന പരീക്ഷ (IIT Madras HSEE, CLAT, CUCET, TISS, EFLU etc.)**

ആൽഫ മരിയ അക്കാദമിയുടെ കുന്ദമംഗലം സെന്ററിൽ ഹ്യുമാനിറ്റിസ്, കൊമേഴ്സ് വിഷയങ്ങളെ ആസ്പദമാക്കി IIT MADRAS HSEE, CLAT, CUCET, TISS, EFLU തുടങ്ങിയ യൂണിവേഴ്സിറ്റിയിലേക്കുള്ള പ്രവേശന പരീക്ഷ പരിശീലനം 2020 ഏപ്രിൽ ആരംഭിക്കും. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കു ന്നതാണ്.

**തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ ഏപ്രിൽ മാസം ആരംഭിക്കുന്ന കോഴ്സുകൾ**

PSC നടത്തുന്ന അദ്ധ്യാപകർക്കായുള്ള LPSA, UPSA

K-TET (Category I, II, III) തീവ്ര പരിശീലനം

Plus Two Science Entrance Oriented Tuition

PSC / Bank Crash Course

10th ട്യൂഷൻ ക്ലാസുകൾ

UP & HS വിദ്യാർത്ഥികൾക്കായുള്ള വൊക്കേഷൻ ക്ലാസ്സുകൾ (Basic Maths, Hinidi, English and Malayalam)

**തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ മെയ് മാസം ആരംഭിക്കുന്ന കോഴ്സുകൾ**

Plus One Science

8, 9 ലേക്കുള്ള ട്യൂഷൻ

കൂടുതൽ വിവരങ്ങൾക്ക്: 0495 – 2252180, 9497567689, 8547153669

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# ക്രിസ്റ്റീൻ മൂവ്മെന്റ്

കൊറോണ വൈറസ് ബാധമൂലം പലവിധത്തിൽ പ്രയാസപ്പെടുന്ന എല്ലാവർക്കുംവേണ്ടി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടി നമുക്കു പ്രാർത്ഥിക്കാം. ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ അവധിക്കാലം കൂടുതൽ പ്രാർത്ഥിക്കാനായി എല്ലാ കൂട്ടുകാർക്കും കഴിയട്ടെ എന്നാശംസിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്താറുള്ള ക്രിസ്റ്റീൻ ട്രെയിനിംഗ് പ്രോഗ്രാമിന്റെ തീയതികൾ ഇതോടനുബന്ധിച്ച് അറിയിക്കുകയാണ്. നിയന്ത്രണങ്ങൾ തുടരുകയാണെങ്കിൽ പ്രോഗ്രാം മാറ്റിവയ്ക്കുന്ന തായിരിക്കും. നിയന്ത്രണങ്ങൾ മാറുന്നതിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

## ക്രിസ്റ്റീൻ ധ്യാനം (എഫാത്ത 2020)

5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഏപ്രിൽ 17 മുതൽ 20 വരെ ചാത്തൻകോട്ടുനട സെന്റ് മേരീസ് റിട്രീറ്റ് സെന്ററിലും മെയ് 3 മുതൽ 6 വരെ മലപ്പുറം മരിയ ഭവനിൽ വച്ചും മെയ് 10 മുതൽ 13 വരെ അഗസ്ത്യമൂഴി സാൻജോ പ്രതീക്ഷ ഭവനിൽ വച്ചും ക്രിസ്റ്റീൻ ധ്യാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഏപ്രിൽ 19 മുതൽ 24 വരെ താബോർ ധ്യാനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് 9539014810 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. മുൻപ് ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തവർക്കുള്ളതാണ് താബോർ ധ്യാനം.

## സെൻട്രൽ ടീം സന്ദർശനം

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ കോഴിക്കോട് സോൺ സന്ദർശനം താമരശ്ശേരി കത്തീഡ്രലിൽ നടത്തി. ആനിമേറ്റർ റവ. ഫാ. ജോൺ ബോസ്കോ OFM Cap, ആനിമേറ്റർ സി. സെറ്റല്ലാ MSMI, കോഡിനേറ്റർ ബെന്നിച്ചൻ കറുകമാലിൽ, സെക്രട്ടറി ലൂസി കാരക്കാട്ട് എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി. ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും കുട്ടികൾക്കുവേണ്ടി നടത്തുന്ന 'തിരുവചനകളരി' എന്ന പ്രോഗ്രാം പരിചയപ്പെടുത്തുകയും ചെയ്തു.

ഈ അവധിക്കാലം എല്ലാ കൂട്ടുകാർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മൂവ്മെന്റ്

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരായിരിക്കുന്നു" (1 പത്രോ. 2:24)

## ബഥാനിയ ധ്യാനങ്ങൾ

മാർച്ച് മാസം 1-ാം തീയതി മുതൽ 5-ാം തീയതി വരെ നടത്തപ്പെട്ട ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന് ബഥാനിയ ടീം നേതൃത്വം നൽകി. മാർച്ച് 8 മുതൽ 11 വരെ മാനന്തവാടി രൂപതയിലെ മണിമൂളി ക്രിസ്തുരാജ ഫൊറോന ദൈവാലയത്തിൽ ബഥാനിയ ടീമിന്റെ നേതൃത്വത്തിൽ ഇടവക ധ്യാനം നടത്തപ്പെട്ടു.

## ജാഗരണം പ്രാർത്ഥന

മാർച്ച് മാസം 6-ാം തീയതി ജാഗരണ പ്രാർത്ഥന നടത്തി. ജാഗരണ പ്രാർത്ഥനയിൽ ബ്ര. ശശി ഇമ്മാനുവേൽ വചന സന്ദേശം നല്കി. രാത്രി 11 മണിക്ക് നടത്തിയ ദിവ്യകാരുണ്യ ആരാധനയ്ക്കും ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, ഫാ. സിബി കുഴിവേലിൽ എന്നിവർ നേതൃത്വം നല്കി. രാത്രി 12 മണിക്ക് അർപ്പിച്ച വി. കുർബാനയ്ക്കും വചന പ്രഘോഷണത്തിനും റവ. ഫാ. ജോസ് കരിങ്കട OFM നേതൃത്വം നൽകി. പരി. അമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ജപമാലറാലിയും കരുണകൊന്തയും ജാഗരണ പ്രാർത്ഥനയെ കൂടുതൽ കൃപയുള്ളതാക്കി.

## പരീക്ഷ, ഒരുക്ക പ്രാർത്ഥന

മാർച്ച് മാസം 7-ാം തീയതി 10, 11, 12 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥനശുശ്രൂഷ നടത്തി. വിവിധ സ്കൂളുകളിൽ നിന്നായി ഏകദേശം 300 കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. രാവിലെ 9 മണിക്ക് ആരംഭിച്ച ശുശ്രൂഷ ഉച്ചയ്ക്ക് 1 മണിക്ക് വി. കുർബാനയോടെ സമാപിച്ചു. ശുശ്രൂഷകൾക്ക് ബഥാനിയ ടീം നേതൃത്വം നല്കി.

## നിത്യാരാധന

ലോകം മുഴുവൻ കൊറോണ വൈറസ് പടർന്ന് പിടിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ദൈവകരുണയ്ക്കായി രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ബഥാനിയായിൽ ഈ നിയോഗത്തിനായി ആരാധന നടത്തപ്പെട്ടു.

## ഏപ്രിൽ മാസത്തെ ശുശ്രൂഷകൾ

| | | |
|---|---|---|
| 17 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 19 ഞായർ | - | ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (19-23) |
| 24 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 26 ഞായർ | - | ഹൈസ്കൂൾ കുട്ടികളുടെ ധ്യാനം (26-30) |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# കരിസ്മാറ്റിക് മൂവ്മെന്റ്

## സോണൽ മീറ്റിംഗ്

പുതിയ സോണൽ സർവ്വീസ് ടീം ചാർജ്ജെടുത്തതിനുശേഷം ആദ്യത്തെ സോണൽ മീറ്റിംഗ് കുന്ദമംഗലം സെന്റ് ജോസഫ് ദൈവാല യത്തിൽ ഫെബ്രുവരി 21-ാം തീയതി നടത്തി.

സോണൽ, സബ്സോൺ, മിനിസ്ട്രി സർവ്വീസ് ടീമംഗങ്ങളും പ്രാർത്ഥനാഗ്രൂപ്പ് ലീഡർമാരും പ്രത്യേകമായി കരുവാരകുണ്ട്, വിലങ്ങാട് സബ്സോണിന്റെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

ബഹു. ജേക്കബ് കപ്പലുമാക്കൽ അച്ചൻ വി. കുർബാനയെ ആഴത്തിൽ അനുഭവിക്കാനും, സ്നേഹിക്കാനും ഉതകുന്ന സന്ദേശം നൽകി. വി. കുർബാനയ്ക്ക് ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചൻ നേതൃത്വം നൽകി. മാർച്ചുമാസം പ്രാർത്ഥനയ്ക്കായി മാറ്റിവെക്കാൻ തീരുമാനിച്ചു. എല്ലാ ഇടവകകളിലും സഭയ്ക്കുവേണ്ടിയും രാഷ്ട്രങ്ങൾക്കുവേണ്ടിയും കുടുംബനവീകരണത്തിനുവേണ്ടിയും ആരാധന നടത്താൻ വേണ്ട ക്രമീകരണങ്ങളും സമയങ്ങളും ഇടവകയിൽ വികാരിയച്ചൻമാരോട് ആലോചിച്ച് തീരുമാനിക്കണം. ഇതിനായി പാരിഷ് മിനിസ്ട്രിയും സബ്സോണും, പ്രാർത്ഥനാ ഗ്രൂപ്പും യോജിച്ച് പ്രവർത്തിക്കണം.

## രൂപതാഭവനിൽ മദ്ധ്യസ്ഥ പ്രാർത്ഥന ചാപ്പലിന്റെ വെഞ്ചരിപ്പ്

കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടെയും ഫലമായി രൂപയിൽ മദ്ധ്യസ്ഥപ്രാർത്ഥന ചാപ്പലിൽ മാർച്ച് 9 ന് ബഹു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര വി. ബലിഅർപ്പിക്കുകയും വെഞ്ചരിപ്പിന് നേതൃത്വം നൽകുകയും ചെയ്തു. ബഹു. രൂപതാ ചാൻസിലർ ഫാ. ജോർജ്ജ് മുണ്ടനാട്ട് സന്ദേശം നൽകി. ഫാ. സൈമൺ വള്ളോപ്പിള്ളി, ഫാ. ജോബിൻ തുണ്ടത്തിൽ ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ എന്നിവർ സന്നിഹിതരാ യിരുന്നു. ഓരോ ഇടവകയിൽ നിന്നും തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ 3 മണിവരെ ദിവ്യകാരുണ്യ സന്നിധിയിൽ അഞ്ചുപേർ വീതം രൂപതാഭവനിൽ പിതാവിന്റെ നിയോഗങ്ങൾക്കും, എല്ലാ വൈദികർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. ഈ ശുശ്രൂഷക്കു നേതൃത്വം നൽകുന്ന ഇടവക ലീഡർമാർക്കും പ്രോത്സാഹാനം നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. അന്നേദിവസം ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും സോണൽ കോർഡിനേറ്റർ ജോൺസൺ സാർ നേതൃത്വം നൽകി.

എല്ലാ മിനിസ്ട്രികളുടെയും സർവ്വീസ് ടീമംഗങ്ങൾ ഫെബ്രുവരിയിലും മാർച്ച് ആദ്യവാരവുമായി പ്രവർത്തന റിപ്പോർട്ട് ഉണ്ടാക്കി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# വികസന വേദി

## പച്ചമരുന്ന് നിർമ്മാണം

ചക്കിട്ടപാറ G.V.S ന്റെ നേതൃത്വത്തിൽ സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ ഷാജി പോൾന്റെ നേതൃത്വത്തിൽ പച്ചമരുന്ന് നിർമ്മാണം നടത്തി . മുറിവെണ്ണ നിർമ്മാണപരിശീലനമാണ് നൽകിയത്. 14 അംഗങ്ങൾ പങ്കെടുത്ത പരിശീലന പരിപാടിയിൽ G.V.S പ്രസിഡണ്ട് നന്ദി പറഞ്ഞു.

പൂവാറംതോട് M.C.C യുടെ നേതൃത്വത്തിൽ അൽഫോൻസ S.H.G യിൽവെച്ച് ചന്ദ്രകലാലേപ പരിശീലനം നടത്തി. സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നൽകി. 15 അംഗങ്ങൾ പങ്കെടുത്തു.

## Participatory Disaster Risk Assessment (PDRA)

ആനിക്കാംപൊയിൽ, കാക്കവയൽ എന്നീ G.V.S ന്റെ നേതൃത്വത്തിൽ ഫെബ്രുവരി 21,22 ന് P.D.R.A മീറ്റിംഗ് നടത്തി.സി.ഒ.ഡി സ്റ്റാഫ് വിന്നി ജോയി പരിപാടിക്ക് നേതൃത്വം നൽകി. 30 അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ സോളി ബെന്നി, ത്രേസ്യാമ തോമസ് എന്നിവർ അദ്ധ്യക്ഷതവഹിച്ചു.

## സ്കിൽ ട്രയിനിംഗ്

പുതുപ്പാടി G.V.Sന്റെ ആഭിമുഖ്യത്തിൽ. വെയ്സ്റ്റ് മാനേജ്മെന്റ് ഭാഗമായി. ഫെബ്രുവരി 18ന് ചവിട്ടി നിർമ്മാണപരിശീലനം നടത്തി. സോളി ബെന്നിയുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ 11 അംഗങ്ങൾ പങ്കെടുത്തു. സി.ഒ.ഡി. ഏരിയാകോഡിനേറ്റർ ത്രേസ്യാമ തോമസ് അദ്ധ്യക്ഷതവഹിച്ചു.

## ചക്ക സംസ്ക്കരണം

കരിങ്ങാട് M.C.C യുടെ നേതൃത്വത്തിൽ. ഫെബ്രൂവരി 22ന് സി.ഒ.ഡി. ഏരിയാകോഡിനേറ്റർ ഷാജി പോളിന്റെ നേതൃത്വത്തിൽ.ചക്കയിൽ നിന്നും ഉൽപാദിക്കാവുന്ന മൂല്യവർധിത ഉല്പന്നത്തെക്കുറിച്ച് ക്ലാസ്സ് നൽകുകയും. വിവിധ തരം പലഹാരങ്ങൾ നിർമ്മിക്കുകയും ചെയ്തു. 12 അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ M.C.C പ്രസിഡണ്ട് റോസ്‌ലി ജോർജ് സ്വാഗതം പറഞ്ഞു. M.C.C അംഗം ജോൺസി നന്ദി നേരുകയും ചെയ്തു.

## ക്യാൻസർ ബോധവൽക്കരണ സെമിനാർ

വെറ്റിലപ്പാറ G.V.S ന്റെ ആഭിമുഖ്യത്തിൽ ഫെബ്രൂവരി 4ന് ക്യാൻസർ ദിനത്തോടനുബന്ധിച്ച് സെമിനാർ നടത്തി. 35 അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ. ഡോ. വിജേഷ് ക്യാൻസർ എന്ന മാരക രോഗത്തെകുറിച്ച് ക്ലാസ്സുകൾനൽകി. ശ്രീമതി വിന്നി ജോയി ഉദ്ഘാടനം ചെയ്തു. G.V.S

പ്രസിഡണ്ട് മേഴ്സി ജെയിംസ് . സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ ഷൈനി സിബി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

പുതുപ്പാടി G.V.S ന്റെ നേതൃത്വത്തിൽ ഫെബ്രുവരി 4ന് കാൻസർ ദിനത്തോടനുബന്ധിച്ച് സെമിനാർ നടത്തി. പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഹെൽത്ത് ഇൻസ്പെക്ടർ ജനാർദ്ദനൻ ക്യാസർ ബോധവൽക്കരണ ക്ലാസുകൾ നൽകി. 20 അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ ത്രേസ്യാമ്മ തോമസ് നേതൃത്വം നൽകി.

### ലീഡേഴ്സ് ട്രെയിനിംഗ്

തോട്ടുമുക്കം, കൂടരഞ്ഞി, വെറ്റിലപ്പാറ എന്നീ G.V.S ൽ പുതിയതായി തിരഞ്ഞെടുത്ത സംഘത്തിലെ അംഗങ്ങൾക്ക് ലീഡേഴ്സ് ട്രെയിനിംഗ് നടത്തി. സി.ഒ.ഡി കോഡിനേറ്റർ ജോയി കെ.സി ക്ലാസ് നയിച്ചു.

**ഫാ. ജോസഫ് മുകളേപ്പറമ്പിൽ**
ഡയറക്ടർ, വികസനവേദി

# അജപാലനക്കുറിപ്പുകൾ

### മാർച്ച് 2020

01. ചിപ്പിലിത്തോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി

02. രാവിലെ, വിലങ്ങാട് ഇടവകയിൽ കഴിഞ്ഞപ്രളയകാലത്ത് വീട് നഷ്ടപ്പെട്ടവർക്ക് നിർമ്മിച്ചുനൽകുന്ന പതിനാറ് ഭവനങ്ങളുൾപ്പെട്ട കെട്ടിടസമുച്ചയത്തിലെ ആദ്യ ഭവനത്തിന്റെ തറക്കല്ലിടീൽ കർമ്മം നടത്തി.

    രാവിലെ, വിലങ്ങാട് ഇടവകയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

    ഉച്ചകഴിഞ്ഞ്, മരുതോങ്കര ഫൊറോനയിലെ പൂതംപാറ, പൊയിലോംചാൽ, ചാപ്പൻതോട്ടം, ചാത്തൻകോട്ടുനട എന്നീ ഇടവകകൾ സന്ദർശിച്ച് വൈദികരുമായി കൂടിക്കാഴ്ച നടത്തി.

03. മരുതോങ്കര ഇടവകയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

04. തോട്ടുമുക്കം ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

05. രാവിലെ ബിഷപ്സ് ഹൗസിൽ വെച്ച് നടന്ന സീറോ മലബാർ മാതൃവേദിയുടെ രൂപതാ ജനറൽ ബോഡി മീറ്റിങ്ങിൽ സംബന്ധിച്ച് ക്ലാസ്സ് എടുക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് വേനപ്പാറ യു. പി. സ്കൂളിന്റെ പതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിക്കുകയും വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

06. രാവിലെ, ബിഷപ്സ് ഹൗസിൽ വെച്ച് താമരശ്ശേരി ഫോറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, മുക്കം ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമ്മം നടത്തുകയും ബഹു. ജോസഫ് തറക്കുന്നേൽ അച്ചന്റെ 41–ാം ചരമദിനത്തോടനുബന്ധിച്ചുള്ള വി. ബലിയ്ക്ക് കാർമ്മികത്വം വഹിച്ചു. തുടർന്നു നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

07 – 08. കോടഞ്ചേരി ഇടവകാദൈവാലയത്തിൽ അജപാലക സന്ദർശനം നടത്തി.

09. പി.ഒ.സിയിൽ വച്ച് നടന്ന പബ്ലിക് അഫയേഴ്സ് കമ്മറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

10. രാവിലെ, സനാതന മേജർ സെമിനാരിയിൽ ഏതാനും വൈദികാർത്ഥികൾക്ക് ശുശ്രൂഷാ പട്ടം നൽകി.

ഉച്ചകഴിഞ്ഞ്, കുന്നോത്ത് മേജർ സെമിനാരിയിൽ വിരമിക്കുന്ന റെക്ടറുടെയും മറ്റ് രണ്ട് വൈദികരുടെയും യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ച് ആശംസകളറിയിച്ചു.

11. പാറോപ്പടി ഫൊറോനിയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

12. രാവിലെ, കോടഞ്ചേരി ഇടവകയിൽ വെച്ച് ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ് ബിഷപ്സ് ഹൗസിൽ വെച്ച് രൂപതാ ആലോചന കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

13. രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

വൈകിട്ട്, ബിഷപ്സ് ഹൗസിൽ മെൽബൺ രൂപതയിലേക്ക് അജപാലന ശുശ്രൂഷയ്ക്കായി പോകുന്ന ബഹു. ജോസഫ് മാളിയേക്കൽ അച്ചന് യാത്രയയപ്പ് നൽകി.

16. തിരുവമ്പാടി ഇടവകയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

17. കരുവാരകുണ്ട്, പെരിന്തൽമണ്ണ ഫൊറോനകളിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

18. രാവിലെ, മരിയാപുരം ഇടവകയിൽ ദിവബലിയർപ്പിച്ച് പുതുതായി നിർമ്മിക്കുന്ന വൈദികമന്ദിരത്തിന് തറക്കല്ലിട്ടു.

മലപ്പുറം ഇടവകയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

19. ലോകമാസകലം പടർന്നുപിടിക്കുന്ന കോവിഡ് 19ന്റെ വ്യാപനത്തെത്തുടർന്ന് സർക്കാരും കെ.സി.ബി.സി. യും നൽകിയ നിർദ്ദേശത്തെത്തുടർന്ന് പൊതുപരിപാടികൾ നിർത്തലാക്കി.

24. വൈകീട്ട് ഗുഡ്ഷെപ്പേഡ് പ്രീസ്റ്റ്ഹോമിൽ ബഹു. ജോൺ പനയ്ക്കപ്പിള്ളി അച്ചന് രോഗീലേപനം നൽകി.

25. വൈകീട്ട് കോടഞ്ചേരി ഇടവകയിൽ ബഹു. ഡോമിനിക് മുട്ടത്തുകുടിയച്ചന്റെ പിതാവ് ശ്രീ. കുര്യൻ മുട്ടത്തുകുടിയിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

26. ഉച്ചകഴിഞ്ഞ് ഈരൂട് ഇടവകയിൽ ബഹു. ജോൺ പനയ്ക്കപ്പിള്ളി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

30. ഉച്ചകഴിഞ്ഞ് കട്ടിപ്പാറ ഇടവകയിൽ പള്ളിയോടിയിൽ മേരി ജോസഫിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.



# POPE FRANCIS
# on COVID - 19



## Pope Francis' Special Prayer For the End of Covid 19 Pandemic

As the death toll of the global coronavirus epidemic continues to rise, Pope Francis celebrated an extraordinary ritual Friday evening at the Vatican.

The pope prayed for an end of the epidemic and delivered his homily against the dramatic backdrop of an empty St. Peter's Square, glistening in the rain.

"We find ourselves afraid and lost," Francis said. "We were caught off-guard by an unexpected, turbulent storm. We have realized that we are on the same boat, all of us fragile and disoriented ... all of us called to row together, each of us in need of comforting the other."

On Friday, Italy reported 919 new deaths from COVID-19, its highest daily death toll. The country now has more than 86,000 cases and more than 9,100 deaths. There are more than 580,000 cases and 25,000 deaths worldwide.

The pope's "Urbi et Orbi" (To the City and the World) blessing, normally delivered at Christmas and Easter, was livestreamed on social media and broadcast on television and radio.

The pope granted an exceptional plenary indulgence for Roman Catholics across the world suffering from the virus, and for health care workers — but most of all, for those who may die in isolation, unable to receive their last rites.